Break the chain

വനിത ശിശുവികസന വകുപ്പ്

150 വർഷം മഹാത്മാവിനെ ഇന്ത്യ ആലോചിക്കുന്നു

## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ
**(ഹാജർ: പ്രിയങ്ക ജി IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - കോട്ടയം സ്വദേശി ഗൗതം.എ.പി എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

**പരാമർശം:** വൈക്കം ശിശു വികസന പദ്ധതി ഓഫീസറുടെ 26.04.2022 തീയതിയിലെ ICDS/VKM/170/22

===================================================================

## ഉത്തരവ് നമ്പർ : ICPS-4(A)/1799/2022 തീയതി:26.04.2022

===================================================================

കോട്ടയം ജില്ലയിൽ വൈക്കം പോളശ്ശേരി പനയക്കത്തറയിൽ ശ്രീ.അനീഷ് ന്റെ മകനായ ഗൗതം.എ പി എന്ന കുട്ടി വൈക്കം കായിക്കര അങ്കണവാടി കെട്ടിടത്തിന്റെ ഭിത്തിയും,അലമാരയും ഉൾകൊള്ളുന്ന ഒരുവശം 25.04.2022 ന് 10 മണിയോട് കൂടി ഇടിഞ്ഞു കുട്ടിയുടെ പുറത്തേക്ക് വീഴുകയും കുട്ടിക്ക് അപകടം സംഭവിക്കുകയും ചെയ്തു.തുടർന്ന് കുട്ടിയെ വൈക്കം താലൂക്ക് ആശുപത്രിയിലും ,കോട്ടയം മെഡിക്കൽകോളേജിലേക്കും മാറ്റുകയും,തുടർന്നുള്ള പരിശോധനയിൽ കുട്ടിയുടെ വലത് കാലിന്റെ തുടയെല്ലിനും,കണ്ണിന് താഴെയും ചെവിയുടെ പുറകെയും ,തലയിലും പൊട്ടലുണ്ട് എന്നും ,കരളിൽ പരിക്കുണ്ടെന്നും, ഗുരുതരമായി പരിക്കേറ്റ കുട്ടിയെ കോട്ടയം മെഡിക്കൽകോളേജിലെ അത്യാഹിത വിഭാഗത്തിൽ ചികിത്സയിലാണ് എന്ന വൈക്കം ശിശു വികസന പദ്ധതി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കോട്ടയം ജില്ലയിൽ വൈക്കം പോളശ്ശേരി പനയക്കത്തറയിൽ ശ്രീ.അനീഷ് ന്റെ മകനായ ഗൗതം.എ പി എന്ന കുട്ടിക്ക് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടിയിൽ വെച്ച് ഉണ്ടായ അത്യാഹിതം കണക്കിലെടുത്തും , കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ചും , വൈക്കം CDPO യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും മുൻകൂർ ആയി ആകെ **1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുകയായ **1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം)** കോട്ടയം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി കോട്ടയം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ബില്ലുകളുടെ അടിസ്ഥാനത്തിൽ മാത്രം ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും,അനുവദിച്ച തുകയുടെ ബില്ലുകളുടെ പകർപ്പ് , തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തുക ആവശ്യമാകുന്ന പക്ഷം 2,00,000/-രൂപയിൽ അധികരിക്കാതെ ബാക്കി തുക കൂടി അനുവദിക്കുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോട്ടയം

<u>പകർപ്പ്</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,കോട്ടയം (തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
2. ICPS 4
3. സ്റ്റോക്ക് ഫയൽ
4. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്